പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5832 02/07/2019-ൽ മറുപടിയ്ക്ക്

തൊഴിലില്ലായ്മ വേതന വിതരണം

ചോദ്യം	മറുപടി
ശ്രീ.എൻ.എ.നെല്ലിക്കുന്ന്:	ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)
(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിലില്ലായ്മ വേതനം വിതരണം ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ; (ബി) ഇത് സംബന്ധിച്ച് ഉത്തരവുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;	(എ) യും (ബി) യും 1982 നവംബർ 12 നാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിലില്ലായ്മ വേതന വിതരണ പദ്ധതി ആരംഭിച്ചത്. ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.
(സി) തൊഴിലില്ലായ്മ വേതനത്തിനുള്ള അർഹതാ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; (ഡി) തൊഴിലില്ലായ്മ വേതനത്തിന് അപേക്ഷിക്കാനുള്ള വരുമാന പരിധി എത്രയാണെന്ന് വ്യക്തമാക്കാമോ;	(സി) യും (ഡി) യും വിദ്യാർത്ഥി അല്ലാത്തതും, എസ്.എസ്.എൽ.സി-യോ തത്തുല്യ പരീക്ഷയോ പാസ്സായവരും, വാർഷിക കുടുംബവരുമാനം 12,000/- രൂപയിലും, പ്രതിമാസ വ്യക്തിഗത വരുമാനം 100/- രൂപയിലും കവിയാത്തവരും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസിനു ശേഷം തുടർച്ചയായി മൂന്ന് വർഷം തൊഴിലൊന്നും ലഭിക്കാതെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നിലനിർത്തുന്നവരും, മുപ്പത്തി അഞ്ച് വയസ്സ് കഴിയാത്തതുമായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ രഹിത

			വേതനത്തിന് അപേക്ഷിക്കാവുന്നതാണ്. പട്ടികജാതി- പട്ടികവർഗ്ഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് എസ്.എസ്.എൽ.സി പരീക്ഷ പാസ്സാകണമെന്നില്ല. അവർ ടി പരീക്ഷ എഴുതിയിരുന്നാൽ മതിയാകും. അംഗപരിമിതരായ അപേക്ഷകർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സിനു ശേഷം തുടർച്ചയായി രണ്ടു വർഷത്തെ സീനിയോറിറ്റിയും, പട്ടികജാതി/പട്ടിക വർഗ്ഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് തുല്യമായ വിദ്യാഭ്യാസ യോഗ്യതയും മതിയാകുന്നതാണ്.
(ഇ)	തൊഴിലില്ലായ്മ വേതനം ലഭ്യമാകാൻ ഓരോ തവണയും താമസം, വരുമാനം, ജോലി എന്നിവ സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?	(ഇ)	ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2 -ൽ ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

ബോണ്ട്രാലിഷ്-1

GOVERNMENT OF KERALA

Abstract

THE KERALA UNEMPLOYMENT ASSISTANCE AND SELF-EMPLOYMENT SCHEME, 1982—RULES AND PROCEDURE—APPROVAL—ACCORDED

LABOUR (G) DEPARTMENT

G. O. (P) No. 40/82/LBR. Dated, Trivandrum, 12th November, 1982.

ORDER

Government are pleased to give approval for the Kerala Unemployment Assistance and Self-employment Scheme, 1982 appended to this Order.

2. The Scheme shall come into force with effect from 1st November 1982.

3. The following time schedule will be adopted for the implementation of the Scheme:

1.	Last date for filing applications:	15-12-1982
2.	Last date for completion of verification of applications:	15-1-1983
3.	Last date by which final decisions on applications are to be taken:	31-1-1983

By order of the Governor.

V. KRISHNAMURTHY,
Secretary to Government.

3/4063/MC.

THE KERALA UNEMPLOYMENT ASSISTANCE AND SELF EMPLOYMENT SCHEME, 1982

PART I

Unemployment Assistance Scheme

1. *Short title, extent, application and commencement.*—(i) This scheme shall be called the Kerala Unemployment Assistance and Self-Employment Scheme, 1982.

(ii) The scheme extends to the whole of the State of Kerala.

(iii) The scheme will come into force with effect from such date as may be specified by the Government.

2. *Definitions.*—In this scheme unless the context otherwise requires:

(a) 'Family Income' means income of the family from all sources including the income of spouse, parents, unmarried brothers and sisters, sons and daughters and other members living in the same house.

(b) 'Scheme' means the Kerala Unemployment Assistance and Self Employment Scheme, 1982.

(c) 'Unemployment Assistance' means monthly allowance paid by Government under the scheme to such of those unemployed persons as are eligible.

(d) 'Unemployed Person' means any person who has passed the S.S.L.C. Examination, and having a family income of less than Rs. 4,000 per annum and whose name has been validly registered in an Employment Exchange in the State and who has been continuing without any employment on the live register for the preceding three years as on the first day of the year in which the application under the scheme is submitted, but excluding students and persons below 18 years and over 35 years of age as on the first day of the said year.

Note:— (i) Pass in the S.S.L.C. Examination will not be insisted on in the case of applicants belonging to Scheduled Castes and Scheduled Tribes. Such applicants shall be treated as unemployed persons for the purpose of this scheme if they have appeared for the S.S.L.C. Examination.

(ii) Applicants who have secured continuous employment for one year or more with or without break, within the above period of 3 years will be excluded. If the employment was for less than one year with or without break, the period of 3 years will be extended by such period.

(iii) For the purpose of these Rules 'Student' shall inclu students of all Government Private Institutions as well as those who do not undergo a formal course in any institution but are engaged in private studies.

3. *Eligibility.*—Such of those unemployed persons as coming within the purview of the definition in Rule 2 (d) of this scheme shall be eligible for the assistance contemplated in the scheme for a period not exceeding 4 years or for such shorter period as may be specified by the Government from time to time subject to the condition that no such unemployed person who is in receipt of any honorarium, stipend, allowance or ex-gratia payment in excess of Rs. 50 p.m. or those who are receiving the benefit of any pension or welfare schemes implemented by the Government shall be eligible for assistance under the scheme.

4. *Financial Assistance.*—Subject to the provisions of Rule 8 of these rules, every unemployed person shall be entitled to receive a monthly allowance of Rs. 50 if he is eligible for assistance under the Scheme. If any applicant after submitting his application for assistance, secures any employment, no assistance shall be paid to him if the period of such employment covers the whole of the period for which assistance is to be granted during the year concerned. However, in cases of employment for shorter periods assistance eligible after deducting the amount in respect of such period or periods of employment shall be paid to the applicants.

5. *Procedure for grant of assistance.*—Such of those persons as are qualified for assistance under the Scheme will present applications in duplicate in the prescribed form (Form No. I) to the Employment Officer concerned. On receipt of the applications the Employment Officer concerned shall verify the eligibility of the applicants with reference to the records in the Employment Exchange and then cause enquiries to be conducted in respect of such eligible cases by the Village Officers concerned who in turn shall after enquiries record their findings thereon as to the family income and employment status of the applicants and whether he is a student and such other details given in the application. The Employment Officer shall consider the applications after they are returned after enquiry by the Village Officers and may either sanction or reject them according to the merit of each case. List of sanctioned and rejected cases shall be published at Village Office, the Bank and the Employment Exchange concerned. Before rejecting an application notice shall be given to the affected party who shall file objections, if any, within a period of one month from the date of notice. Such cases shall be disposed by the Employment Officer after giving an opportunity of hearing to the affected party.

6. *Appeal.*—An appeal against the order of the Employment Officer shall lie to the Revenue Divisional Officer concerned whose decision thereon shall be final. The appeal shall be filed within 2 months from the date of decision of the Employment Officer.

7. *Mode of payment of assistance.*—The monthly allowance shall be disbursed every two months to the eligible beneficiaries through banks selected for the purpose. For this purpose the Employment Officer will intimate the amount required for the particular district to the Director of Employment & Training. It shall be the responsibility of the Director of Employment & Training to place at the disposal of the banks concerned every 2 months, the amount required for all the districts with a district-wise break-up of the amount. Banks concerned in turn will disburse the amount of the assistance to the applicants as per the sanctioned list.

8. *Requirement to participate in work programmes.*—The beneficiaries of the Unemployment Assistance Scheme may be required to participate in any work programme specified by the Government for which remuneration, in addition to the unemployment assistance, will be paid to them at the rate to be fixed by the Government from time to time.

9. *Maintenance of Accounts.*—The banks will render bi-monthly statements of accounts of payments made under the scheme to the Director of Employment & Training who will be the authority responsible for implementation of the scheme.

10. *Liability of persons receiving assistance.*—Any person in receipt of assistance under this scheme shall be bound to report forthwith to the banks and Employment Officer concerned the fact of his receiving any employment and financial assistance to him shall thereupon be discontinued forthwith.

11. *Refusal to participate in Work Programmes.*—In case any person refuses to participate in the Work Programmes as directed by the Government the payment of assistance shall be discontinued and any payment already made recovered.

PART II

Self Employment Scheme

12. *Eligibility.*—An unemployed person as defined in R. 2(d) of this scheme shall be eligible for the benefit of the self employment scheme contemplated in this part:

Provided that the minimum education qualification prescribed in the said rule shall not be applicable in the case of applicants for Self-employment Scheme: and

Provided further that the upper age-limit in respect of such applicants shall be 40 years instead of 35 years as prescribed in the said rule.

13. *Application for Self-employment Project.*—An unemployed person who intends to start a self-employment project as contemplated in this scheme may apply in Form No. 2 in duplicate to the District Employment Officer

(Self-Employment) of his district within the prescribed time limit. Proce for verification of applications and filing of appeals in this regard shall be same as prescribed in Rules 5 and 6 respectively of this Scheme.

14. *Suitability and Viability of projects.*—Applications selected after ve fication in each district shall be placed before the District Level Committee Self-employment with District Collector as Chairman, and the Project Offic D.R.D.A., District Planning Officer, District Panchayat Officer, nomin of the District Industries Centre, representative of the bank concerned members and the District Employment Officer (Self-Employment) as convene The Committee after scrutiny shall take appropriate decision regarding th suitability of the applicant to undertake the proposed project and the feasibilit of the project proposed. The decisions of the committee in this regard shal be final.

15. *Help and advice.*—It shall be the duty of the District Level Committee on Self-Employment to help the beneficiaries selected under the Scheme in the successful launching of the self-employment project including help in such matters as procurement of raw materials, provision of know-how and market facilities, imparting of training in necessary skills, etc.

16. *Financial Assistance.*—Each beneficiary selected under the scheme shall be paid a lump sum assistance of Rs. 600 at the initial stage itself, subject to the condition that such beneficiaries shall not be eligible for any further assistance as contemplated under R. 4 of this scheme. However requests for provision of additional financial assistance after the commencement of the self employment project shall be considered by the Government on merits in each case.

17. *Bank Assistance.*—The lump sum assistance so received shall be deposited in a specified nationalised bank as seed money by the beneficiaries and the bank shall advance loans upto Rs. 5,000 per head at the differential interest rate of 4% to such of those beneficiaries whose family income does not exceed Rs. 3,500 and at the normal rate of interest to others.

Note:—In computing the family income of applicants under self-employment scheme the income of unmarried brothers and sisters, if any, will not be taken into account.

18. *Partnership firms of self-employed persons.*—In order to start projects of relatively large size, the beneficiaries may join together and form partnership firms to enable them to pool their resources and skills. They will be eligible for lump sum assistance and bank loans as in individual cases. The terms of deeds relating to such partnership firms shall be as prescribed by the District Employment Officer (Self Employment).

19. *Powers of Control.*—The assistance under the scheme and the loans by the bank shall be granted both to individual beneficiaries and the partnership firms only subject to the following conditions:—

(i) the projects shall be managed in accordance with directions and advice given from time to time by the District Employment Officer (Self Employment) and the banks concerned;

(ii) any change, deviation or alternation suggested by the District Employment Officer (Self Employment) or the bank shall be carried out forthwith by the beneficiaries;

(iii) the District Employment Officer (Self Employment) and the bank shall have power to inspect the working of the project and its accounts at any time as required by them;

(iv) the District Employment Officer (Self Employment) and the bank shall exercise such control over the projects as are found necessary in each case.

PART III

General

20. *Penalty for false claims.*—Any false information furnished by any applicant in respect of employment status, family income or any other details, or any delay or omission in reporting the fact of receiving employment as provided in Rule 10 above will entail deterrent penal action such as cancellation of employment registration, debarring from public appointment, recovery of amount already paid, etc.

21. *Overall Control.*—The Director of Employment & Training will be in overall charge of the scheme and may issue necessary instructions in regard to its proper implementation from time to time. He may also prescribe such periodical returns necessary for watching its implementation.

22. *Savings.*—The Government shall have power to make any changes in the scheme or issue any clarifications in respect of the scheme whenever necessary. The decision of Government on points of dispute shall be final.

ഫോറം നമ്പർ 1

തൊഴിൽരഹിത സാമ്പത്തിക സഹായ പദ്ധതി, 1982

അപേക്ഷാ ഫോറം

1. അപേക്ഷകന്റെ പേര്

2. (എ) പൂർണ്ണമായ മേൽവിലാസം

   (ബി) വിദ്യാഭ്യാസ യോഗ്യത

   (സി) അപേക്ഷകൻ താമസിക്കുന്ന വില്ലേജും താലൂക്കും

   (ഡി) ഏറ്റവും അടുത്ത ബാങ്കിന്റെ പേരും മേൽവിലാസവും

   (ഇ) പട്ടികജാതി/പട്ടികവർഗ്ഗം/ പിന്നോക്ക സമുദായം എന്നിവയിൽ ഏതിലെങ്കിലും പെടുന്നുണ്ടോ? ഉണ്ടെങ്കിൽ ഏതിൽ?

3. വയസ്സും ജനനത്തീയതിയും

4. പിതാവിന്റെ/ഭർത്താവിന്റെ പേര്

5. (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പേര്

   (ബി) രജിസ്ട്രേഷൻ നമ്പർ

   (സി) രജിസ്റ്റർ ചെയ്ത തീയതി

   (ഡി) തൊഴിൽ നമ്പർ

6. കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ ഗവൺമെന്റിലോ സ്വകാര്യ സ്ഥാപനത്തിലോ ജോലി ലഭിച്ചിരുന്നെങ്കിൽ അതിന്റെ കാലയളവും പ്രസക്തമായ മറ്റു വിവരങ്ങളും

7. കുടുംബത്തിന്റെ വാർഷിക വരുമാനം

സെക്ഷൻ ഓഫീസർ

അനുബന്ധം-2

കേരള സർക്കാർ

സംഗ്രഹം

തൊഴിൽ വകുപ്പ്—1998-ലെ കേരള തൊഴിൽരഹിത വേതന പദ്ധതി—പുതുക്കിയ ചട്ടങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

ജി. ഒ. (പി) 23/98/തൊഴിൽ. തിരുവനന്തപുരം 1998 മേയ് 28.

പരാമർശം:— 1. 12-11-1982-ലെ സ. ഉ. (അച്ചടിച്ചത്) നമ്പർ 40/82/തൊഴിൽ.

2. 25-4-1986-ലെ സ. ഉ. (അച്ചടിച്ചത്) നമ്പർ 20/86/തൊഴിൽ.

3. 18-9-1995-ലെ സ. ഉ. (അച്ചടിച്ചത്) നമ്പർ 189/95/ത.ഭ.വ.

4. 10-11-1997-ലെ 17817/ലെഗ് സി 1/97/നിയമം നമ്പർ വിജ്ഞാപനം.

ഉത്തരവ്

പരാമർശം 1-ലേയും രണ്ടിലേയും സർക്കാർ ഉത്തരവുകൾ പ്രകാരം എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കിവന്നിരുന്ന കേരള തൊഴിൽരഹിതവേതന പദ്ധതി പരാമർശം 3-ലേയും 4-ലേയും ഉത്തരവുകൾ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയുണ്ടായി. ടി പദ്ധതിയുടെ നടത്തിപ്പ് പൂർണ്ണമായും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിലേക്കായി ഈ ഉത്തരവിനോടനുബന്ധമായി ചേർത്തിരിക്കുന്ന കേരള തൊഴിൽരഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

കെ. കെ. വിജയകുമാർ,
സെക്രട്ടറി.

GPT. 3/2191/98/MC.

എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം.

മുനിസിപ്പൽ ഭരണ ഡയറക്ടർ.

പഞ്ചായത്ത് ഡയറക്ടർ.

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (മേയർ/ചെയർമാൻ മുഖേന)

എല്ലാ മുനിസിപ്പൽ സ്പെഷ്യൽ ഓഫീസർമാർക്കും.

എല്ലാ ജില്ലാ പഞ്ചായത്ത് ഓഫീസർമാർക്കും/പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പകർപ്പ് പഞ്ചായത്തുകൾക്ക് നൽകണം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിററ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ്.

ഡയറക്ടർ, പബ്ലിക്ക് റിലേഷൻസ് വകുപ്പ്.

മുഖ്യമന്ത്രിയുടെ പ്രൈവററ് സെക്രട്ടറിക്ക്.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രിയുടെ പ്രൈവററ് സെക്രട്ടറിക്ക്.

തദ്ദേശഭരണ വകുപ്പുമന്ത്രിയുടെ പ്രൈവററ് സെക്രട്ടറിക്ക്.

തൊഴിൽ വകുപ്പ് സെക്രട്ടറിയുടെ സി. എ. യ്ക്ക്.

തദ്ദേശഭരണ (പി/എൽ) വകുപ്പ്.

തൊഴിൽ (ഡി) വകുപ്പ്.

അനുബന്ധം

1998-ലെ കേരള തൊഴിൽരഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങൾ

1. (i) ഈ ചട്ടങ്ങൾക്ക് 1998-ലെ കേരള തൊഴിൽരഹിത വേതന ചട്ടങ്ങൾ എന്നു പേർ പറയാവുന്നതും 12-11-1982-ലെ ജി. ഒ. (പി) 40/82/എൽ.ബി.ആർ എന്ന നമ്പർ പ്രകാരം പ്രസിദ്ധീകരിച്ച ചട്ടങ്ങളെ അതിലംഘിക്കുന്നതും ആകുന്നു.

(ii) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 18-നും 35-നും മദ്ധ്യേ പ്രായമുള്ള തൊഴിൽരഹിതരായ യുവതി-യുവാക്കൾക്ക് ഒരു താൽക്കാലിക ധനസഹായമെന്ന നിലയിലാണ് ഈ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നത്.

(i) ഈ പദ്ധതിയിൻകീഴിൽ 'തൊഴിൽരഹിതർ' എന്നാൽ വിദ്യാർത്ഥികളല്ലാത്തവരും എസ്. എസ്. എൽ. സി. യോ തത്തുല്യമായ പരീക്ഷയോ പാസ്സായവരും വാർഷിക കുടുംബ വരുമാനം 12,000 രൂപയിൽ കവിയാത്തവരും, എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്ററർ ചെയ്ത് 18 വയസ്സിനുശേഷം തുടർച്ചയായി മൂന്നു വർഷം തൊഴിലൊന്നും ലഭിക്കാതെ രജിസ്ട്രേഷൻ നില നിർത്തുന്നവരും എന്നാൽ 35 വയസ് അപേക്ഷിക്കുന്ന ദിവസം കഴിഞ്ഞിട്ടില്ലാത്തവരുമായ വ്യക്തികൾ എന്നർത്ഥമാകുന്നു.

(ii) പട്ടികജാതി-പട്ടികവർഗ്ഗക്കാരായ അപേക്ഷകർ എസ്. എസ്. എൽ. സി. പരീക്ഷ പാസ്സാകണമെന്നില്ല. അവർ, ടി പരീക്ഷയ്ക്ക് ഹാജരായാൽ മതിയാകും (എന്നാൽ നിശ്ചിത വയസ് കഴിഞ്ഞ് എസ്. എസ്. എൽ. സി. പരീക്ഷ മാത്രം പ്രൈവററായി എഴുതി തോററവർക്ക് ഇത് ബാധകമല്ല).

(iii) സർക്കാരിൻെറയോ സ്വകാര്യ വ്യക്തികളുടേയോ ആയ ഏത് സ്ഥാപനത്തിലും ഔപചാരിക വിദ്യാഭ്യാസം നടത്തുന്ന എല്ലാവരേയും ഈ പദ്ധതിയിൻകീഴിൽ 'വിദ്യാർത്ഥി' യായി പരിഗണിക്കുന്നതാണ്. 6 മാസംവരെ ദൈർഘ്യമുള്ള കമ്പ്യൂട്ടർ പഠനം ഉൾപ്പെടെയുള്ള ഹ്രസ്വകാല കോഴ്സുകൾ, ഷോർട്ട് ഹാൻറ്/ടൈപ്പ്റൈററിംഗ്, കെ. ജി. ററി. ഇ./ കെ. ജി. സി. ഇ. കോഴ്സുകൾ ചെയ്യുന്നവരെ 'വിദ്യാർത്ഥി' എന്ന നിർവചനത്തിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. (സർക്കാർ അംഗീകാരമില്ലാത്ത കോഴ്സുകളെ ഇതിൽനിന്നും ഒഴിവാക്കുന്നു). എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് ഹരിജൻ വെൽഫെയർ വകുപ്പ് മുഖേന സ്റൈറപ്പൻേറാടുകൂടി നടത്തുന്ന രണ്ട്-മൂന്നു മാസം ദൈർഘ്യമുള്ള കോഴ്സുകളിൽ പഠിക്കുന്നവർ 'വിദ്യാർത്ഥി' എന്ന നിർവചനത്തിൽപ്പെടുന്നില്ല.

(iv) അംഗവൈകല്യമുള്ള അപേക്ഷകരെ സംബന്ധിച്ച് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ രജിസ്ററർചെയ്ത് 18 വയസ്സിനുശേഷം തുടർച്ചയായി 2 വർഷത്തെ സീനിയോരിററി മതിയാകുന്നതാണ്. അവർക്ക് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് തുല്യമായവിദ്യാഭ്യാസ യോഗ്യതയും മതിയാകുന്നതാണ്.

(v) പെൻഷനായോ, സർക്കാരിൻെറ ഏതെങ്കിലും ക്ഷേമ പദ്ധതിയിൽ നിന്നുള്ള ധനസാഹയമായോ, പാരിതോഷികം, സ്റൈറപ്പൻറ്, അലവൻസ്, എക്സ്ഗ്രേഷ്യാ എന്നീ ഇനങ്ങളിലോ പ്രതിമാസം 100 രൂപയിൽ കൂടുതൽ വരുമാനമില്ലാത്ത എല്ലാ 'തൊഴിൽരഹിതർക്കും' ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.

(vi) അപേക്ഷ സമർപ്പിക്കുന്നതിന് നിശ്ചിത സമയപരിധിയില്ല. അർഹതയുള്ള ഏതു വ്യക്തിക്കും ഏതു സമയത്തും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

3. യാതൊരാളും,—

(i) അയാളുടെ കുടുംബ വാർഷിക വരുമാനം 12,000 രൂപയിൽ കവിയുകയാണെങ്കിലോ (കുടുംബ വരുമാനം കണക്കാക്കുന്നതിന് മാതാപിതാക്കൾ, അവിവാഹിതരായ സഹോദരങ്ങൾ, മക്കൾ, കുടുംബത്തിൽ കൂടെ താമസിക്കുന്ന മററാളുകൾ എന്നിവരുടെ എല്ലാ രീതിയിലുമുള്ള വരുമാനവും കണക്കിലെടുക്കുന്നതാണ്);

(ii) അയാൾക്ക് പ്രതിമാസം 100 രൂപയിൽ കൂടുതൽ വരുമാനമുള്ള ഏതെങ്കിലും തൊഴിൽ ലഭിക്കുകയാണെങ്കിലോ;

(iii) ഏതെങ്കിലും കോഴ്സിന് പഠിക്കുവാൻ ആരംഭിക്കുകയാണെങ്കിലോ;

(iv) എംപ്ലോയ്മെൻറ് രജിസ്ട്രേഷൻ യഥാസമയം പുതുക്കാതിരുന്നാലോ, ക്യാൻസലാവുകയാണെങ്കിലോ, യഥാസമയം പുതുക്കാതിരുന്നിട്ട് സർക്കാരിൻെറ/എംപ്ലോയ്മെൻറ് ഡയറക്ടറുടെ പ്രത്യേക ഉത്തരവ് പ്രകാരം പുതുക്കുകയാണെങ്കിലോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹനല്ലാതാവുന്നതാണ്.

4 (i) ഈ പദ്ധതിയിൽകീഴിൽ യാതൊരാളും തൊഴിലവസ്ഥ സംബന്ധിച്ചോ കുടുംബ വാർഷിക വരുമാനത്തെ സംബന്ധിച്ചോ എന്തെങ്കിലും തെററായ വിവരങ്ങൾ നൽകുകയോ വിവരം മറച്ചുവയ്ക്കുകയോ ചെയ്താൽ എംപ്ലോയ്മെൻറ് രജിസ്ട്രേഷൻ ക്യാൻസൽചെയ്യുക, എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴിയുള്ള നിയമനങ്ങളിൽ നിരോധനം ഏർപ്പെടുത്തുക, തൊഴിൽരഹിത വേതനം നിർത്തൽ ചെയ്യുക, വേതനമിനത്തിൽ അനർഹമായി കൈപ്പററിയ തുക 100 രൂപ പിഴ സഹിതം തിരിച്ചുപിടിക്കുക എന്നീ ശിക്ഷണ നടപടികൾക്ക് വിധേയനാകുന്നതാണ്.

ഇവർക്ക് പിന്നീട് ഒരിക്കലും തൊഴിൽരഹിത വേതനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. അനർഹമായി കൈപ്പററിയ തൊഴിൽരഹിത വേതനം തിരിച്ചു നൽകാത്തവരുടെ കേസിൽ ആ തുക ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന ഭൂനികുതി കുടിശ്ശിക പിരിക്കുംപോലെ റവന്യൂ റിക്കവറി നടപടിക്രമം പാലിച്ച് ഈടാക്കുന്നതിന് തദ്ദേശഭരണ അധികാരികൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. അനർഹമായി കൈപ്പററിയ തൊഴിൽരഹിത വേതനം സ്വമേധയാ തിരിച്ചടയ്ക്കുകയാണെങ്കിൽ (100 രൂപ പിഴയടക്കം) ഉദ്യോഗാർത്ഥിയുടെ രജിസ്ട്രേഷൻ സീനിയോറിററി പുനഃസ്ഥാപിച്ച് നൽകുന്നതായിരിക്കും.

(ii) തൊഴിൽരഹിത വേതനം ലഭിക്കുന്ന ആൾക്ക് പിന്നീട് 100 രൂപയിൽ കൂടുതൽ പ്രതിമാസ വരുമാനമുള്ള തൊഴിൽ ലഭിക്കുകയാണെങ്കിൽ ടി വിവരം ഉടൻതന്നെ ബന്ധപ്പെട്ട അധികാരികളെ അറിയിക്കേണ്ടതാണ്.

5 തൊഴിൽരഹിത വേതനം കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന തുക ആയിരിക്കും.

6 (i) തൊഴിൽരഹിത വേതനത്തിനുവേണ്ടിയുള്ള അപേക്ഷ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം നമ്പർ 1–ൽ (രണ്ടു പ്രതികൾ) അപേക്ഷകൻ ഏതു തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിലാണോ താമസം ആ തദ്ദേശ ഭരണാധികാരിക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷകന്റെ വരുമാനം നിശ്ചയിക്കുന്നതു തദ്ദേശഭരണാധികാരികളാണ്. എന്നിരുന്നാലും തദ്ദേശഭരണ സ്ഥാപനത്തിന് യുക്തമെന്ന് തോന്നുകയാണെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കററ് ആവശ്യപ്പെടാവുന്നതാണ്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് വിശദ വിവരങ്ങൾ തേടാവുന്നതുമാണ്. ലഭിക്കുന്ന എല്ലാ അപേക്ഷകൾക്കും ഒരു സീരിയൽ നമ്പർ ഉണ്ടായിരിക്കേണ്ടതും ആ അടിസ്ഥാനത്തിൽ ഉത്തരവ് നൽകേണ്ടതുമാണ്. എല്ലാ അപേക്ഷ ഫാറത്തിനും ഒപ്പം കീറിയെടുക്കാവുന്ന തരത്തിലുള്ള ഒരു പററുചീട്ട് ഉണ്ടായിരിക്കേണ്ടതാണ്. സീരിയൽ നമ്പർ പററുചീട്ടിൽ കാണിച്ചിരിക്കേണ്ടതാണ്.

(ii) അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം തദ്ദേശഭരണാധികാരി വിശദമായ അന്വേഷണം നടത്തേണ്ടതും അപേക്ഷയിൽ കാണിച്ചിട്ടുള്ള വിവരങ്ങളുടെയും ഹാജരാക്കിയിട്ടുള്ള രേഖകളുടെയും നിജസ്ഥിതിയെപ്പററി ബോദ്ധ്യപ്പെടേണ്ടതും അർഹതയുള്ളപക്ഷം ഈ ചട്ടങ്ങളിൽ അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം നമ്പർ 1–ൽ വേതനം അനുവദിക്കേണ്ടതുമാണ്. മുനിസിപ്പാലിററി/കോർപ്പറേഷൻ എന്നിവയുടെ കാര്യത്തിൽ ഇതിനുള്ള അധികാരം ക്ഷേമകാര്യ സ്ററാൻറിംഗ് കമ്മിററികൾക്കായിരിക്കും. പ്രഥമദൃഷ്ട്യാ അപേക്ഷകന് വേതനത്തിന് അർഹതയില്ല എന്ന് കാണുന്നപക്ഷം അപേക്ഷ നിരസിച്ചതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തി വിവരം അപേക്ഷകനെ ഫാറം നമ്പർ (8)–ൽ അറിയിക്കേണ്ടതാണ്. നിരസിക്കാനുള്ള കാരണം ഉത്തരവിൽ വ്യക്തമായി പ്രതിപാദിച്ചിരിക്കേണ്ടതാണ്:

(1) നിങ്ങളുടെ വരുമാനം........................രൂപയിൽ അധികമാണ്.

(2) നിങ്ങൾ..........................ഉദ്യോഗത്തിൽ തുടരുന്നു.

(3) നിങ്ങളുടെ രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞതാണ്.

പെൻഷൻ അനുവദിക്കപ്പെട്ടതും നിരസിക്കപ്പെട്ടതുമായ ലിസ്റ്റ് ഗ്രാമ സഭയിൽ/ വാർഡ് കമ്മിറ്റിയിൽ/വാർഡുസഭയിൽ വായിക്കേണ്ടതാണ്.

(iii) ഈ പദ്ധതി പ്രകാരം വേതനം ലഭിച്ച/അനുവദിച്ച/നിരസിച്ച അപേക്ഷകരുടെ ഒരു രജിസ്റ്റർ ഫോറം നമ്പർ 4–ൽ തദ്ദേശഭരണ അധികാരികൾ സൂക്ഷിക്കേണ്ടതും, അപ്രകാരമുള്ള തൊഴിൽ രഹിത വേതനം അനുവദിച്ച/നിരസിച്ച അപേക്ഷകരുടെ ഒരു ലിസ്റ്റ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളിൽ വാർഡ് തിരിച്ച് തൽസമയംതന്നെ പ്രസിദ്ധപ്പെടുത്തേണ്ടതും ബന്ധപ്പെട്ട എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ അപേക്ഷയുടെ ഒരു പ്രതിസഹിതം അയച്ചുകൊടുക്കേണ്ടതുമാണ്. എംപ്ലോയ്മെൻറു വകുപ്പിന്റെ പരിശോധനയിൽ ഏതെങ്കിലും കേസ്സിൽ തൊഴിൽരഹിത വേതനത്തിന് അർഹതയില്ല എന്നു ബോദ്ധ്യപ്പെട്ടാൽ ആ വിവരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

7 തദ്ദേശഭരണ അധികാരികൾക്ക് ഏതു സമയത്തും പരാതിയുടെ അടിസ്ഥാനത്തിൽ വേതനം നൽകുന്നത് തടഞ്ഞുവയ്ക്കാൻ അധികാരം ഉണ്ടായിരിക്കുന്നതും ശരിയായ അന്വേഷണത്തിനുശേഷം അർഹതയുണ്ടെങ്കിൽ തടഞ്ഞുവച്ച വേതനം ഉൾപ്പെടെ തുക നൽകുകയോ അല്ലെങ്കിൽ സ്ഥിരമായി നിർത്തലാക്കുകയോ ചെയ്യാവുന്നതാണ്.

8 തദ്ദേശഭരണ അധികാരികൾക്ക് ഏത് ഘട്ടത്തിലും അപേക്ഷയെ സംബന്ധിച്ച വിവരങ്ങൾ സ്വമേധയാ അന്വേഷിക്കാവുന്നതാണ്. അപ്രകാരമുള്ള അന്വേഷണത്തിൽ വേതനം അനുവദിച്ചത് തെററിദ്ധരിപ്പിക്കൽമൂലമോ, വസ്തുതാപരമായ തെററ് കണ്ടെത്താൻ കഴിയാത്തതുമൂലമോ, വ്യാജമായോ, അല്ലെങ്കിൽ നടപടിക്രമത്തിലുള്ള ഏതെങ്കിലും തെററുകൊണ്ടോ ആണ് എന്ന് കാണുകയാണെങ്കിൽ വേതനം അനുവദിച്ച ഉത്തരവ് റദ്ദാക്കേണ്ടതാണ്. അപ്രകാരം റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപായി ഏതൊരാളെയാണോ ഉത്തരവ് ബാധിക്കുന്നത്, അയാൾക്ക് ബോധിപ്പിക്കാനുള്ളത് പറയുവാൻ ഒരവസരം നൽകേണ്ടതാണ്.

9 (i) തദ്ദേശഭരണ അധികാരികളുടെ തീരുമാനത്തിൻമേലുള്ള അപ്പീൽ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് 60 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

(ii) അപ്പീൽ സമർപ്പിച്ച ആൾക്ക് വ്യക്തിപരമായി എന്തെങ്കിലും പറയുവാനുണ്ടെങ്കിൽ, അതിന് അവസരം കൊടുത്തതിനുശേഷം കഴിയുന്നത്ര വേഗത്തിൽ അപ്പലേററ് അതോറിററി (ജില്ലാ കളക്ടർ) അപ്പീലിൻമേൽ തീർപ്പ് കൽപ്പിക്കേണ്ടതാണ്. അപ്പീലിന്റെ ഒരു രജിസ്റ്റർ ഫോറം നമ്പർ 5–ൽ അപ്പലേററ് അതോറിററി സൂക്ഷിക്കേണ്ടതാണ്.

(iii) സർക്കാരിന് ഏതു തീരുമാനവും അപേക്ഷയിൻമേലോ, സ്വമേധയായോ റിവ്യൂ ചെയ്യാവുന്നതാണ്. ബന്ധപ്പെട്ട ഏതു വ്യക്തിക്കും അപ്പീലും റിവിഷനും സമർപ്പിക്കാവുന്നതാണ്. സമർപ്പിക്കപ്പെടുന്ന അപ്പീൽ/റിവിഷൻ 45 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്.

10. വേതന തുക അതാത് മാസം/സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന തീയതിയിൽ നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരികൾ നേരിട്ട് തുക വിതരണം നടത്തേണ്ടതും ഈ ആവശ്യത്തിലേക്കായി പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും അതിൽ ഗുണഭോക്താക്കളുടെ വിവരങ്ങളും കാലാകാലങ്ങളിൽ വിതരണം ചെയ്യുന്ന തുകയും രേഖപ്പെടുത്തേണ്ടതുമാണ്. വിതരണം നടത്തിയ തുകയെ സംബന്ധിച്ച വിവരം വേതന വിതരണ കാർഡിൽ (ഫോറം നമ്പർ 7) രേഖപ്പെടുത്തി നൽകേണ്ടതാണ്. ഇതിലേക്കായി ഓരോ വർഷവും തൊഴിൽ രഹിതവേതന ഗുണഭോക്താക്കളുടെ രജിസ്റ്റർ നമ്പരിന്റെ ഓർഡറിൽ 12 കോളങ്ങളുള്ള ഒരു അക്വിറ്റൻസ് രജിസ്റ്റർ (ഫോറം നമ്പർ 6) തയ്യാറാക്കുകയും ഓരോ തവണ വേതന വിതരണം നടത്തുമ്പോഴും തുക കൈപ്പററിയതായി രജിസ്ററിൽ ഒപ്പിടുവിച്ച് വാങ്ങേണ്ടതുമാണ്.

11. തൊഴിൽരഹിത വേതനം കൈപ്പററിക്കൊണ്ടിരിക്കുന്ന ഒരാൾ 35 വയസ് പൂർത്തിയാക്കുകയോ, രജിസ്ട്രേഷൻ ലാപ്സാവുകയോ, തൊഴിൽ ലഭിക്കുകയോ ചെയ്താൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽചെയ്യേണ്ടതും, വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന തൊഴിൽ ലഭിച്ചാൽ ആയത് സംബന്ധിച്ച വിവരം അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയോ അല്ലാതെയോ തൊഴിൽ ലഭിച്ച വിവരം ഗുണഭോക്താവും തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്.

12 തൊഴിൽരഹിത വേതനം കൈപ്പററിക്കൊണ്ടിരിക്കുന്ന ഒരാൾക്ക് വേതന വിതരണ സമയത്ത് ഹാജരായി വേതനം കൈപ്പററാൻ സാധിക്കാതെ വന്നാൽ പിന്നീട് വേതനത്തിനുള്ള അർഹത നഷ്ടപ്പെടുന്നതാണ്. എന്നാൽ അസുഖംമൂലമോ, അടുത്ത ബന്ധുക്കളുടെ മരണംമൂലമോ ആണ് ഹാജരാകാൻ സാധിക്കാതെ വരുന്നതെങ്കിൽ മതിയായ തെളിവ് ഹാജരാക്കി അടുത്ത തവണ വേതന വിതരണത്തിനുമുൻപ് വേതനം വാങ്ങിയിരിക്കേണ്ടതാണ്. തുടർച്ചയായി രണ്ടു തവണ വേതനം കൈപ്പററാതിരുന്നാൽ, വേതനത്തിനുള്ള അർഹത നഷ്ടപ്പെടുന്നതാണ്. അവർക്ക് ഖണ്ഡിക 9(1)–ൽ പറയും പ്രകാരം അപ്പീൽ സമർപ്പിക്കാവുന്നതാണ്.

13 വേതനം വാങ്ങിക്കൊണ്ടിരിക്കുന്ന ഒരാളുടെ താമസമാററം/മേൽവിലാസത്തിലുണ്ടാകുന്ന മാററം ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടേയോ/തദ്ദേശഭരണ സ്ഥാപന അധികാരികളുടേയോ സർട്ടിഫിക്കററ് സഹിതം അറിയിക്കേണ്ടതും, ബന്ധപ്പെട്ട എംപ്ലോയ്മെൻറ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. വേതനം കൈപ്പററിക്കൊണ്ടിരിക്കുന്ന ആൾ വേറൊരു

തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിലേക്ക് താമസം മാറുമ്പോൾ വേതനം റദ്ദുചെയ്യുന്നതും, ഗുണഭോക്താവ് പുതുതായി താമസം മാറിയെത്തിയ തദ്ദേശഭരണ സ്ഥാപനത്തിൽ പുതിയതായി വേതനത്തിന് അപേക്ഷിക്കേണ്ടതുമാണ്.

14. പദ്ധതിയുടെ നടത്തിപ്പ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേലധികാരിയുടെ ചുമതലയാണ്.

15. തൊഴിൽരഹിത വേതനം സംബന്ധിച്ച എല്ലാ രേഖകളും പൊതു രേഖകളായി പരിഗണിക്കേണ്ടതാണ്.

16. പ്രഥമദൃഷ്ട്യാ വേതനത്തിന് അർഹനാണെന്ന് കണ്ടാലും അതല്ല അപ്പീലിൻമേലോ റിവിഷനിലോ അർഹനാണെന്നു കണ്ടാലും അപേക്ഷ സമർപ്പിച്ച മാസത്തിന് അടുത്ത മാസം ഒന്നാം തീയതി മുതൽ വേതനം നൽകേണ്ടതാണ്.

17. ചട്ടങ്ങളിൽ ആവശ്യമായ മാററങ്ങൾ വരുത്തുന്നതിനും, വിശദീകരണം പുറപ്പെടുവിക്കുന്നതിനും പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ നല്കുന്നതിനുമുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

18. ഈ പദ്ധതിയിൽ ഇതിനകംതന്നെ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളും ഈ ചട്ടപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുതിയതായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. പുതിയ അപേക്ഷകളിൽ തീർപ്പ് കല്പിക്കുന്നതുവരെ ഇപ്പോഴുള്ള ഗുണഭോക്താക്കൾക്ക് വേതനം നൽകേണ്ടതാണ്. നിലവിലുള്ള ഗുണഭോക്താക്കളുടെ അപേക്ഷകൾ ഉൾപ്പെടെയുള്ള പുതിയ അപേക്ഷകൾ തീർപ്പ് കല്പിച്ച് ലിസ്ററ് പ്രസിദ്ധീകരിക്കുന്നതിന് ഖണ്ഡിക 6 (ii)—ലെ സമയപരിധി ബാധകമല്ല. എന്നിരുന്നാലും കഴിയുംവേഗം പുതിയ ലിസ്ററ് പ്രസിദ്ധീകരിക്കേണ്ടതാണ്. ലിസ്ററ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് നിലവിലുള്ള ലിസ്ററ് റദ്ദുചെയ്യപ്പെടുന്നതാണ്.

ഫോറം നമ്പർ 1

തൊഴിൽരഹിത വേതന പദ്ധതി, 1998

അപേക്ഷാ ഫോറം

1. അപേക്ഷകന്റെ പേര് :

2. (എ) പൂർണ്ണമായ മേൽവിലാസം :

   (ബി) വിദ്യാഭ്യാസ യോഗ്യത :

   (സി) അപേക്ഷകൻ താമസിക്കുന്ന വില്ലേജ്, താലൂക്ക്, ജില്ല :

   (ഡി) അപേക്ഷകൻ താമസിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ/കോർപ്പറേഷന്റെ പേര് :

   വാർഡ് നമ്പർ

   (ഇ) പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക സമുദായം എന്നിവയിൽ ഏതിലെങ്കിലും പെടുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതിൽ? :

   (എഫ്) വികലാംഗനാണോ? :

3. വയസും ജനനത്തീയതിയും :

4. പിതാവിന്റെ/ഭർത്താവിന്റെ പേര് :

5. (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പേര് :

   (ബി) രജിസ്ട്രേഷൻ നമ്പർ :

   (സി) രജിസ്റ്റർ ചെയ്ത തീയതി :

   (ഡി) തൊഴിൽ നമ്പർ :

   (ഇ) രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി :

   (എഫ്) പുതുക്കേണ്ട തീയതി :

6. കഴിഞ്ഞ 3 വർഷത്തിനിടയിൽ ഗവൺമെൻറിലോ സ്വകാര്യ സ്ഥാപനത്തിലോ ജോലി ലഭിച്ചിരുന്നെങ്കിൽ അതിൻെറ കാലയളവും പ്രസക്തമായ മററു വിവരങ്ങളും :

7. കുടുംബത്തിൻെറ വാർഷിക വരുമാനം :

8. ഇപ്പോൾ തൊഴിൽരഹിത വേതനം ലഭിച്ചു കൊണ്ടിരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വില്ലേജും റോൾ നമ്പരും (തൊഴിൽ രഹിത വേതന വിതരണ കാർഡിൻെറ ഫോട്ടോകോപ്പി അപേക്ഷയോടൊപ്പം അയയ്ക്കണം) :

താഴെപ്പറയുന്ന കാര്യങ്ങൾ ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു

1. ഞാൻ ഇപ്പോൾ ഒരു വിദ്യാർത്ഥി/വിദ്യാർത്ഥിനി അല്ല

2. എനിക്ക് ഇപ്പോൾ പ്രതിമാസം 100 (നൂറു രൂപ) രൂപയിൽ കൂടുതൽ ലഭിക്കുന്ന തൊഴിലോ വരുമാനമോ ഇല്ല.

   ഞാനുൾപ്പെടുന്ന കുടുംബത്തിൻെറ വാർഷിക വരുമാനം............രൂപയാണ്. (വില്ലേജ് ആഫീസറുടെ സർട്ടിഫിക്കററ് ഇതോടൊപ്പം ഹാജരാക്കുന്നു)

3. സ്വന്തമായി എനിക്ക് തൊഴിലോ തൊഴിൽ സ്ഥാപനമോ ഇല്ല.

4. ഈ ആനുകൂല്യം ലഭിക്കുന്നതിന് ഞാൻ മറെറാരിടത്തും അപേക്ഷ കൊടുത്തിട്ടില്ല.

5. എനിക്ക് ഗവൺമെൻറിൽ നിന്ന് പ്രതിമാസം 100 രൂപയിൽ കൂടുതലായി പെൻഷനോ സാമ്പത്തിക സഹായമോ മററ് ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല.

6. എനിക്ക് പ്രതിമാസം 100 രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന ഏതെങ്കിലും തൊഴിലോ, സാമ്പത്തിക സഹായമോ ലഭിക്കുന്ന അന്നുമുതൽ ഞാൻ തൊഴിൽരഹിത വേതനം പററുന്നതല്ല. ആ വിവരം ഉടൻതന്നെ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിനെ/മുനിസിപ്പാലിററിയെ/കോർപ്പറേഷനെ അറിയിക്കുന്നതാണ്.

മേൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ എല്ലാം സത്യമാണെന്ന് ഞാൻ പ്രതിജ്ഞചെയ്യുന്നു. ഏതെങ്കിലും കാര്യം തെററാണെന്ന് പിന്നീട് തെളിയുന്ന പക്ഷം അതിനുള്ള ശിക്ഷയായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിലെ എൻെറ രജിസ്ട്രേഷൻ റദ്ദുചെയ്യുമെന്നും ഞാൻ അനർഹമായി കൈപററിയ തൊഴിൽരഹിത വേതനം 100 രൂപ പിഴയും സഹിതം തിരിച്ചുനല്കാൻ

ബാദ്ധ്യസ്ഥനാണെന്നും ഞാൻ മനസ്സിലാക്കുന്നു. അപ്രകാരം തിരിച്ചുനൽകാതെവന്നാൽ ഭൂനികുതി കുടിശ്ശിക ഈടാക്കുന്ന രീതിയിൽ റവന്യൂ റിക്കവറി നടപടിക്രമം പാലിച്ച് ജില്ലാ കളക്ടർ മുഖേന തുകയും കളക്ഷൻ ചാർജ്ജും ഈടാക്കും എന്ന് ഞാൻ മനസ്സിലാക്കുന്നു.

എന്ന്

സ്ഥലം:

തീയതി: അപേക്ഷകന്റെ പേരും ഒപ്പും.

ഈ അപേക്ഷകൻ നല്കിയിട്ടുള്ള വിവരങ്ങൾ, സമർപ്പിച്ച രേഖകളുമായി പരിശോധിക്കുകയും ആവശ്യമായ അന്വേഷണം നടത്തുകയും ചെയ്തതിൽ ശരിയാണെന്ന്/തെററാണെന്ന് കണ്ടതിനാൽ അപേക്ഷ അനുവദിക്കുന്നു/നിരസിക്കുന്നു. (ഏതാണോ ബാധകം അതെഴുതണം)

സെക്രട്ടറി,

സ്ഥലം ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിററി/

തീയതി: കോർപ്പറേഷൻ.

(ഓഫീസ് സീൽ)

പററുചീട്ട്

....ൽ നിന്നും തൊഴിൽരഹിത വേതനത്തിനുള്ള അപേക്ഷ കൈപ്പററിയിരിക്കുന്നു.

സെക്രട്ടറി,

സ്ഥലം: ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിററി/

തീയതി: കോർപ്പറേഷൻ.

(ഓഫീസ് സീൽ)

ഫോറം നമ്പർ 2

തൊഴിൽ രഹിത വേതന പദ്ധതി, 1998 പ്രകാരം വേതനത്തിന് അർഹതയുള്ളവരുടെ പട്ടിക

....ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിററി/കോർപ്പറേഷൻ

ക്രമ നമ്പർ	അപേക്ഷകന്റെ പേരും മേൽവിലാസവും	എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പേര്/രജി: നം./ തൊഴിൽ നമ്പർ	വേതനം അനുവദിക്കുന്ന തീയതി	എന്നു മുതൽ എന്നുവരെ	മററു വിവ വിവരങ്ങൾ
(1)	(2)	(3)	(4)	(5)	(6)

തീയതി:

സെക്രട്ടറി,
ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിററി/കോർപ്പറേഷൻ.

(ഓഫീസ് സീൽ)

ഫോറം നമ്പർ 3

തൊഴിൽ രഹിത വേതന പദ്ധതി, 1998 പ്രകാരം വേതനത്തിനുള്ള അപേക്ഷ നിരസിച്ചവരുടെ പട്ടിക

....(ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിററി/കോർപ്പറേഷൻ

ക്രമ നമ്പർ	അപേക്ഷകന്റെ പേരും മേൽവിലാസവും	എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പേര്, രജിസ്ട്രേഷൻ നമ്പർ/തൊഴിൽ നമ്പർ	അപേക്ഷ നിരസിച്ചതിനുള്ള കാരണങ്ങൾ
(1)	(2)	(3)	(4)

തീയതി:

സെക്രട്ടറി,
ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിററി/കോർപ്പറേഷൻ.

(ഓഫീസ് സീൽ)

ഫോറം നമ്പർ 4

തൊഴിൽ രഹിത വേതന പദ്ധതി 1998 പ്രകാരം ലഭിച്ച/അനുവദിച്ച/നിരസിച്ച അപേക്ഷകളുടെ രജിസ്റ്റർ

ക്രമ നമ്പർ	അപേക്ഷ ലഭിച്ച തീയതി	അപേക്ഷകന്റെ പേരും പൂർണ്ണമായ മേൽവിലാസവും	തീർപ്പിന്റെ സ്വഭാവം: അതായത് അനുവദിച്ചു/ നിരസിച്ചു	തീർപ്പിന്റെ നമ്പരും തീയതിയും	ഒപ്പ്	മററു വിവരങ്ങൾ
(1)	(2)	(3)	(4)	(5)	(6)	(7)

ഫോറം നമ്പർ 5

തൊഴിൽ രഹിത വേതന പദ്ധതി, 1998 പ്രകാരം അപ്പലേററ് അതോറിററി സൂക്ഷിക്കേണ്ട രജിസ്ററിന്റെ മാതൃക

ജില്ലാ കളക്ടർ...

ക്രമ നമ്പർ	അപേക്ഷകന്റെ പേരും മേൽവിലാസവും	തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്	അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി	അപ്പീൽ അപേക്ഷ നിരസിച്ച/അനുവദിച്ച തീയതി	മററു വിവരങ്ങൾ
(1)	(2)	(3)	(4)	(5)	(6)

തീയതി: (ഓഫീസ് സീൽ) അപ്പലേററ് അതോറിററി

ഫോറം നമ്പർ 6

തൊഴിൽ രഹിത വേതന പദ്ധതി, 1998

അക്വിറൻസ് രജിസ്ററർ

....(ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിററി/കോർപ്പറേഷൻ

ക്രമനമ്പർ	ഗുണഭോക്താവിന്റെ പേര്	ഫോറം നമ്പർ	അനുവദിച്ച തുക (എന്ന് മുതൽ എന്ന് വരെ)	ഗുണഭോക്താവിന്റെ ഒപ്പ്											
				ജനുവരി	ഫെബ്രുവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലായ്	ആഗസ്റ്റ്	സെപ്റ്റംബർ	ഒക്ടോബർ	നവംബർ	ഡിസംബർ
1															
2															
3															

ഫോറം നമ്പർ 7

തൊഴിൽ രഹിത വേതന വിതരണ കാർഡ്

1. ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷന്റെ പേര് :
2. ഗുണഭോക്താവിന്റെ പേരും മേൽവിലാസവും :
   (എ) റോൾ നമ്പർ :
   (ബി) ജനനതീയതി :
3. രജിസ്ട്രേഷൻ നമ്പരും തൊഴിൽ നമ്പരും :
4. അടുത്ത് പുതുക്കേണ്ട തീയതി :

തൊഴിൽരഹിത വേതന വിതരണത്തിന്റെ വിവരങ്ങൾ

തീയതി	നല്കുന്ന വേതനത്തിന്റെ കാലയളവ്	തുക	നല്കിയ ഉദ്യോഗസ്ഥന്റെ ഒപ്പടയാളവും തീയതിയും
(1)	(2)	(3)	(4)

3/2191/98/MC.

തൊഴിൽ രഹിത വേതന വിതരണത്തിന്റെ വിവരങ്ങൾ

തീയതി	നല്കുന്ന വേതനത്തിന്റെ കാലയളവ്	തുക	നല്കിയ ഉദ്യോഗസ്ഥന്റെ ഒപ്പടയാളവും തീയതിയും
(1)	(2)	(3)	(4)

തൊഴിൽ രഹിത വേതന വിതരണത്തിന്റെ വിവരങ്ങൾ

ഗുണഭോക്താവിന്റെ ഒപ്പ് :

പാസ്പോർട്ട് സൈസ് ഫോട്ടോ

മുകളിൽ വിവരിച്ചിരിക്കുന്ന ശ്രീ./ശ്രീമതി.. ....യുടെ ഒപ്പും ഫോട്ടോയും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

(ഒപ്പ്)
പഞ്ചായത്ത്/മുനിസിപ്പാലിററി/
കോർപ്പറേഷൻ മേലധികാരി.

കുറിപ്പ്:—ഒപ്പിന്റെ പകുതി ഫോട്ടോയിലും ബാക്കി ഭാഗം ഫോട്ടോയുടെ വെളിയിലുമായിരിക്കണം.

ഫോറം നമ്പർ 8

സ്ഥലം:

തീയതി:

താങ്കളുടെ..തീയതിയിലെ തൊഴിൽരഹിത വേതനത്തിനുള്ള അപേക്ഷ താഴെപ്പറയുന്ന കാരണങ്ങളാൽ നിരസിച്ചിരിക്കുന്നു.

1. താങ്കളുടെ കുടുംബ വാർഷിക വരുമാനം............രൂപയിൽ അധികമാണ്.

2. താങ്കൾ..ഉദ്യോഗത്തിൽ തുടരുന്നു.

3. താങ്കൾക്ക്..രൂപയിൽ കൂടുതൽ മാസവരുമാനം ഉണ്ട്.

4. താങ്കളുടെ രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞതാണ്.

5. മററു കാരണങ്ങൾ

ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിററി/
കോർപ്പറേഷന്റെ ബന്ധപ്പെട്ട അധികാരി.

(ഓഫീസ് സീൽ)

അപേക്ഷകന്:

സെക്ഷൻ ഓഫീസർ